13536/C2/14/LBR

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2543 — 18.06.2014 ന് മറുപടിയ്ക്ക്

*തൊഴിൽ പരിശീലന കേന്ദ്രങ്ങൾ*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് മേഖലാതലത്തിൽ അഞ്ച് ട്രെയിനിംഗ് ഇൻസ്പെക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ സർക്കാരിതര തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് സർക്കാർ അനുമതി ആവശ്യമുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) എൻ.സി.വി.ടി. അഫിലിയേഷനോടുകൂടിയ (സർക്കാർ/സ്വകാര്യ) സ്ഥാപനങ്ങൾ, എസ്.സി.വി.ടി. കോഴ്സുകൾ നടത്തുന്ന സർക്കാർ സ്ഥാപനങ്ങൾ (ഐ.ടി.ഐ.കൾ) എന്നിവയുടെ വിഷയങ്ങൾ വ്യാവസായിക പരിശീലന വകുപ്പ് കൈകാര്യം ചെയ്യുന്നു. മറ്റു കോഴ്സുകൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ വിഷയങ്ങൾ ടി വകുപ്പ് കൈകാര്യം ചെയ്യുന്നില്ല. എൻ.സി.വി.ടി. / എസ്.സി.വി.ടി. അംഗീകാരം ഇല്ലാത്ത സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നിയമം കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) ഇത്തരത്തിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സർക്കാർ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകളാണോ നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (സി) എൻ.സി.വി.ടി. / എസ്.സി.വി.ടി. അംഗീകാരമുള്ള കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളിലെ പരിശീലനാർത്ഥിക്ക് കേന്ദ്ര / സംസ്ഥാന സർക്കാർ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകളാണ് വ്യാവസായിക പരിശീലന വകുപ്പ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ